## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3229 — 18.10.2016-ൽ മറുപടിക്ക്

### താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി:** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് എത്ര തുക മടക്കി നൽകാനുണ്ടെന്ന് വിശദമാക്കുമോ; | (എ) 2015-2016 ലെ ആഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 10,50,67,672/- രൂപ നിക്ഷേപ ഇനത്തിൽ മടക്കിനൽകാൻ ബാക്കിനിൽപ്പുണ്ട്. |
| (ബി) പ്രസ്തുത തുക മടക്കി നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) ബാങ്കിന് കിട്ടാനുള്ള തുകയിൽ വായ്പാമുതൽ, പലിശ ഇവ ഈടാക്കി എടുക്കുന്നതിന് ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. റിക്കവറി നടപടികൾ ത്വരിതഗതിയിലാക്കുന്നതിനായി സർക്കാർ ചെലവിൽ ഒരു സെയിലാഫീസറുടെ സേവനം താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന് വേണ്ടി മാത്രമായി ലഭ്യമാക്കിയിട്ടുമുണ്ട്. സംഘത്തിൽ നടന്നിട്ടുള്ള സാമ്പത്തിക അപഹരണത്തിന് ഉത്തരവാദികളെന്ന് സഹകരണ നിയമം വകുപ്പ് 68(1) അന്വേഷണത്തിൽ കണ്ടെത്തിയവർക്കെതിരെ സർചാർജ്ജ് നടപടികൾ വഴി തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

| | |
|---|---|
| (സി) തുക ഈടാക്കുന്നതിനായി എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | (സി) ആർബിട്രേഷൻ കേസുകൾ - 845<br>എക്സിക്യൂഷൻ കേസുകൾ - 587<br>518 എക്സിക്യൂഷൻ കേസുകൾ നിലവിൽ തീർപ്പാക്കാൻ ബാക്കിനിൽപ്പുണ്ട്. ആർബിട്രേഷൻ കേസുകൾ എല്ലാം തീർപ്പാക്കിയിട്ടുണ്ട്. ബാക്കിനിൽപ്പുള്ള എക്സിക്യൂഷൻ കേസുകൾ അടിയന്തരമായി തീർക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**